5. കുളങ്ങൾ വൃത്തിയാക്കൽ ഉൾപ്പെടെയുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനർനിർമ്മാണം.

6. ഭൂവികസനം.

7. വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ അഴുക്കുചാൽ നിർമ്മിക്കുന്നത് ഉൾപ്പെടെയുള്ള വെള്ളപ്പൊക്ക നിയന്ത്രണ പ്രവർത്തനങ്ങൾ.

8. ഗ്രാമങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതിന് ഏതു കാലാവസ്ഥയിലും ഉപയോഗയോഗ്യമായ ഗതാഗത സൗകര്യം.

ആകെ 1041.048 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ഓരോ ഗ്രാമപഞ്ചായത്തിലും നടപ്പിലാക്കിയ പദ്ധതികൾ, ചെലവാക്കിയ തുക എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു.*

തൊഴിലും വീടും ജനകീയ കാമ്പയിൻ

115 (6033) ശ്രീ. എം. എം. മോനായി :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം പരമാവധി തൊഴിൽ ദിനങ്ങൾ നൽകുന്നതിനായി നടത്തിയ തൊഴിലും വീടും ജനകീയ കാമ്പയിൻ വിജയകരമായിരുന്നോയെന്ന് വ്യക്തമാക്കുമോ ;

(ബി) നീർത്തട മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ കർഷകരുടെ സ്വകാര്യ ഭൂമിയിലെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമാണ് ;

(സി) ഈ വർഷം എത്ര കുടുംബങ്ങൾക്ക് ജോലി നൽകാനാണ് ലക്ഷ്യം ഇട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 'തൊഴിലും വീടും ജനകീയ കാമ്പയിൻ' വിജയകരമായിരുന്നു.

(ബി) നീർത്തട വികസന മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ കർഷകരുടെ സ്വകാര്യ ഭൂമിയിലെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുള്ള നിബന്ധനകൾ ചുവടെ പറയുന്നവയാണ്.

1. 5 ഏക്കർ വരെ കൃഷി ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകരായിരിക്കണം

2. വ്യക്തിഗത ഭൂവുടമ തൊഴിൽ കാർഡു ലഭിച്ചയാളും പ്രസ്തുത പ്രവൃത്തിയിൽ പണിയെടുക്കുന്നയാളും ആയിരിക്കണം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

3. ഗ്രാമപഞ്ചായത്ത് വാർഡ് അടിസ്ഥാനത്തിൽ 60:40 വേതന-സാധന സാമഗ്രികളുടെ അനുപാതം പാലിക്കേണ്ടതാണ്.

4. ഓരോ പദ്ധതിക്കും ഗ്രാമസഭയുടെയും, ഗ്രാമപഞ്ചായത്തിന്റെയും അംഗീകാരം നേടിയിരിക്കുകയും അവ വാർഷിക കർമ്മ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുകയും ചെയ്യണം.

5. പ്രവൃത്തി നടത്തിപ്പിന് കരാറുകാരോ, മെഷിനറിയോ പാടില്ലാത്തതാകുന്നു.

6. മെഷിനറി വാങ്ങാൻ പാടില്ലാത്തതാകുന്നു.

7. സ്വകാര്യ ഭൂമിയിലെ തൊഴിലുറപ്പ് പ്രവൃത്തികൾ നീർത്തട മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിലായിരിക്കണം നടപ്പിലാക്കേണ്ടത്.

(സി) 2010-11 സാമ്പത്തിക വർഷത്തിൽ അംഗീകരിക്കപ്പെട്ട ലേബർ ബഡ്ജറ്റ് പ്രകാരം 9,11,646 കുടുംബങ്ങൾക്ക് ജോലി നൽകാൻ ലക്ഷ്യമിടുന്നു.

പി. എം. ജി. എസ്. വൈ. പ്രകാരം റോഡ് നിർമ്മാണം

116 (6034) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കഴിഞ്ഞ സാമ്പത്തിക വർഷം (2009-10) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം റോഡു നിർമ്മാണത്തിന് എത്ര തുക ചെലവഴിച്ചു ; എത്ര കിലോമീറ്റർ റോഡ് നിർമ്മാണം പൂർത്തിയാക്കി എന്നറിയിക്കുമോ ?

ഉത്തരം

2009-2010 സാമ്പത്തിക വർഷം പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം 114.57 കോടി രൂപ ചെലവഴിച്ചു. 263.66 കിലോമീറ്റർ റോഡുകളുടെ നിർമ്മാണം പൂർത്തീകരിച്ചു.

പി. എം. ജി. എസ്. വൈ. പദ്ധതിയിലുള്ള പുതിയ റോഡ് പ്രോജക്റ്റുകൾ നിർമ്മാണം

117 (6035) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. എം. മുരളി :
ശ്രീ. എ. പി. അനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എം.ജി.എസ്.വൈ. പദ്ധതിയിൻകീഴിൽ എത്ര പുതിയ റോഡ് പ്രോജക്ടുകളാണ് കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly